**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 490** **25-03-2025 - ൽ മറുപടിയ്ക്ക്**

**മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | മലബാർ ദേവസ്വം ബോർഡിന്റെ സമഗ്ര പരിഷ്കരണവും ബോർഡ് വക ക്ഷേത്രങ്ങളുടെ മെച്ചപ്പെട്ട പരിപാലനവും ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉത്തര മലബാറിലെ കാസർഗോഡ് ജില്ല മുതൽ പാലക്കാട് ജില്ല വരെയും, തൃശ്ശൂർ ജില്ലയിലെ ചാവക്കാട്, കൊടുങ്ങല്ലൂർ താലൂക്കും ഉൾപ്പെടെ 26 താലൂക്കുകളിലെയും ഫോർട്ട് കൊച്ചിയിലെ 2 ക്ഷേത്രങ്ങളുമടക്കം മലബാർ പ്രദേശത്തെ 1403 പൊതുക്ഷേത്രങ്ങളുടെയും, ധർമ്മസ്ഥാപനങ്ങളുടെയും ഭരണമേൽനോട്ടം വഹിക്കുന്ന അഡ്വൈസറി സ്ഥാപനമായി, പ്രധാനമായും സർക്കാരിൽ നിന്നുള്ള ഗ്രാന്റ് സ്വീകരിച്ചാണ് മലബാർ ദേവസ്വം ബോർഡ് പ്രവർത്തിച്ചു വരുന്നത്. ടി ക്ഷേത്രങ്ങളുടേയും, ധർമ്മസ്ഥാപനങ്ങളുടേയും ഭരണപരമായ മേൽനോട്ടമാണ് മലബാർ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതല. മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ, ബോർഡിൽ നിക്ഷിപ്തമായിരിക്കുന്ന ക്ഷേത്രങ്ങളുടെ ഉന്നമനവും പരിപാലനവും എന്ന സുപ്രധാന ചുമതലയോടൊപ്പം ക്ഷേത്രജീവനക്കാരുടെ സംരക്ഷണവും മികച്ച രീതിയിൽ ബോർഡ് നിർവഹിക്കുന്നു.<br><br>ബോർഡിന് സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ് പ്രധാനമായും ബോർഡ് ജീവനക്കാരുടെ വേതനത്തിനും, ബോർഡിന്റെ ദൈനംദിന ചെലവുകൾക്കുമാണ് വിനിയോഗിച്ചു വരുന്നത്. അതോടൊപ്പം, ബോർഡിനു കീഴിലുള്ള സാമ്പത്തിക ശേഷി കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് വേതനം നൽകാൻ അതതു ക്ഷേത്രങ്ങൾക്ക് കഴിയാതെ വരുന്ന സാഹചര്യങ്ങളിൽ ടി തുകയിൽ നിന്നും ശമ്പള ധനസഹായം അനുവദിക്കുന്നുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളയിനത്തിൽ ധനസഹായമായി 20,00,92,918 |

/- രൂപ മലബാർ ദേവസ്വം ബോർഡിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്ര ജീവനക്കാരുടെ ശമ്പളം 01.01.2019 പ്രാബല്യത്തിൽ പരിഷ്കരിച്ച് 12.02.2021 - ലെ സ.ഉ.(എം.എസ്.)നം.57/2021/RD പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിലെ അനോമലികൾ പരിഹരിച്ച് 12.02.2024 - ലെ സ.ഉ.(എം.എസ്.)നം. 41/2024/RD പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പ്രത്യേകം തയ്യാറാക്കിയ സോഫ്റ്റ്‌വെയർ മുഖേന ശമ്പളപരിഷ്കരണ നടപടികൾ നടന്നുവരുന്നുണ്ട്.

ക്ഷേത്രങ്ങളിൽ നവീകരണ പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി വിവിധ സർക്കാർ, കിഫ്ബി, ടൂറിസം പദ്ധതികളുമായി ബന്ധിപ്പിച്ച് ക്ഷേത്രങ്ങൾക്ക് കൂടുതൽ സഹായം എത്തിക്കുവാനും, ക്ഷേത്ര വരുമാനം വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും, മലബാർ ദേവസ്വം ബോർഡ് നേതൃത്വപരമായ പങ്ക് വഹിച്ചു വരുന്നുണ്ട്. ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവൃത്തികൾക്കായും, ക്ഷേത്രങ്ങളോട് ചേർന്നുള്ള കുളം - കാവ്, ആൽത്തറകളുടെ നവീകരണത്തിനായും ഓരോ സാമ്പത്തിക വർഷവും ബജറ്റ് വിഹിതത്തിൽ അനുവദിക്കുന്ന ഫണ്ട്, ക്ഷേത്രങ്ങൾക്ക് ഗ്രാന്റായി മെറിറ്റ് പരിഗണിച്ച് അനുവദിച്ചു വരുന്നുണ്ട്.

ഉത്തരമലബാറിലെ ആചാരസ്ഥാനികർ - കോലധാരികൾ എന്നിവർക്കായുള്ള പ്രതിമാസ ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 1544 ആചാരസ്ഥാനികർക്കും, 368 കോലധാരികൾക്കും സർക്കാർ അനുവദിക്കുന്ന ബഡ്ജറ്റ് വിഹിതമുപയോഗിച്ച് 1600/- രൂപ വീതം ധനസഹായം അനുവദിച്ച് വരുന്നുണ്ട്. 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ 5.30 കോടി പൂർണ്ണമായി ഉപയോഗിച്ച് 2024 ഒക്ടോബർ മാസം വരെയുള്ള വേതനം നൽകുവാൻ സാധിച്ചിട്ടുണ്ട്.

ക്ഷേത്ര ജീവനക്കാർക്കും, എക്സിക്യൂട്ടീവ് ഓഫീസർമാർക്കും വേണ്ടി മലബാർ ദേവസ്വം ബോർഡിന്റെ മേൽനോട്ടത്തിന് കീഴിൽ ഒരു ക്ഷേമനിധി പ്രവർത്തിച്ചു വരുന്നതിനു പുറമേ എല്ലാ ക്ഷേത്ര ജീവനക്കാരേയും, അവരുടെ കുടുംബാംഗങ്ങളേയും ഉൾപ്പെടുത്തി ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

| | | | |
|---|---|---|---|
| | | | ആവിഷ്കരിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരികയാണ്.<br>നിലവിലുള്ള നിയമത്തിൽ സമൂലമായ ഭേദഗതി വരുത്തുന്നതിന് സമഗ്രമായ മലബാർ ദേവസ്വം ബിൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഈ നിയമ നിർമ്മാണം കൂടി സാധ്യമാകുന്നതോടെ സന്തുലിതമായ വിതരണത്തിലൂടെ ക്ഷേത്രങ്ങളെ സാമ്പത്തികമായി ശക്തിപ്പെടുത്താനും, അതുവഴി കെട്ടുറപ്പുള്ള ഭരണസംവിധാനം ഉറപ്പാക്കാനും കഴിയുന്നതാണ്. |
| (ബി) | രാജ്യത്താദ്യമായി ഒരു ക്ഷേത്രത്തിന്റെ നേതൃത്വത്തിൽ സൗജന്യ ഡയാലിസിസ് കേന്ദ്രം ആരംഭിക്കുവാൻ പ്രസ്തുത ദേവസ്വത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | മലബാർ ദേവസ്വം ബോർഡിനു കീഴിലെ ശ്രീ കാടാമ്പുഴ ദേവസ്വത്തിന്റെ ഉടമസ്ഥതയിൽ ഒരു ഡയാലിസിസ് കേന്ദ്രം 16.05.2023 ന് ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ശ്രീ കാടാമ്പുഴ ഭഗവതി ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുള്ള ഈ സൗജന്യ ഡയാലിസിസ് കേന്ദ്രത്തിൽ ദിവസേന നൂറോളം രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ചെയ്തു വരുന്നു. |
| (സി) | ബോർഡിനു കീഴിൽ ക്ഷേത്രകലകൾ അഭ്യസിപ്പിക്കുന്നതിനായുള്ള ക്ഷേത്രകലാ അക്കാദമിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഉത്തരമലബാറിന്റെ തനതു സംസ്കാരങ്ങളെ പരിപാലിക്കുന്നതിനും, അന്യംനിന്നുകൊണ്ടിരിക്കുന്ന ക്ഷേത്രകലകളെ അടുത്ത തലമുറകളിലേക്ക് പകരുവാനും, അവയുടെ സംരക്ഷണം, പരിപോഷണം, പരിശീലനം, ക്രമീകരണം, വികസനം, ആവിഷ്കാരം, ജനകീയവത്കരണം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി മലബാർ ദേവസ്വം ബോർഡിനു കീഴിൽ "ക്ഷേത്രകലാ അക്കാദമി" കണ്ണൂർ ജില്ലയിൽ മാടായി തിരുവർക്കാട്ടുകാവ് (മാടായിക്കാവ്) ആസ്ഥാനമാക്കി പ്രവർത്തിച്ചു വരുന്നുണ്ട്. ക്ഷേത്ര കലകളുടെ പഠന/ പരിശീലനത്തിനായി വിദ്യാഭ്യാസ കേന്ദ്രങ്ങൾ സ്ഥാപിക്കുക, ബോർഡിനു കീഴിലെ ക്ഷേത്രങ്ങളെ കേന്ദ്രീകരിച്ച് മ്യൂസിയങ്ങളും ഗ്രന്ഥശാലകളും സ്ഥാപിക്കുക, കേരളത്തിലെ നാടൻ കലകൾ, ക്ലാസിക്കൽ കലകൾ, താന്ത്രിക കലകൾ, കാവുസംസ്കൃതി, പരിസ്ഥിതി പഠനം, കേരള സംസ്കാരം, അനുഷ്ഠാന കലകൾ എന്നിവയെക്കുറിച്ച് പ്രത്യേകമായും താരതമ്യം ചെയ്തും പഠനങ്ങളും ഗവേഷണങ്ങളും നടത്തുക, ക്ഷേത്ര കലകളെക്കുറിച്ച് ആധികാരിക ഗ്രന്ഥങ്ങൾ തയ്യാറാക്കാൻ നേതൃത്വം നൽകുക, മലബാർ ദേവസ്വം ബോർഡിന്റെ പരിധിയിലുള്ള എല്ലാ ക്ഷേത്രങ്ങളിലും ക്ഷേത്രകലാവതരണങ്ങൾ സംഘടിപ്പിക്കുക, പുതിയ തലമുറയ്ക്ക് ദൃശ്യ സംസ്കാരം, ക്ഷേത്രകലകളെക്കുറിച്ചുള്ള അറിവിന്റെ വ്യാപനം ഉറപ്പുവരുത്തുക എന്നിവ അക്കാദമിയുടെ സ്ഥാപക ലക്ഷ്യങ്ങളാണ്. |

| | | | |
|---|---|---|---|
| | | | ചെണ്ട, മോഹിനിയാട്ടം, ചുമർ ചിത്രം, ശാസ്ത്രീയ സംഗീതം, ഓട്ടൻ തുള്ളൽ എന്നീ ഹ്രസ്വകാല കോഴ്സുകൾ വിജയകരമായി അക്കാദമി സംഘടിപ്പിച്ചുവരുകയും, അക്കാദമിയുടെ നേതൃത്വത്തിൽ അരങ്ങേറ്റം നടത്തിവരികയും ചെയ്യുന്നു.<br><br>ക്ഷേത്രകലാ അക്കാദമിക്ക് ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിനായി, മാടായി ശ്രീ തിരുവർക്കാട്ട് കാവ് ദേവസ്വം വക റീസർവ്വേ നമ്പർ 23/IA2 ൽ പെട്ട 50 സെന്റ് ഭൂമി കൈമാറുന്നത് സംബന്ധിച്ച് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ (ദേവസ്വം) വകുപ്പ് - മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (ദേവസ്വം) വകുപ്പ്**

G.O.(Ms) No.57/2021/RD തീയതി,തിരുവനന്തപുരം, 12/02/2021

പരാമർശം:- 1 സ.ഉ.(എം.എസ്.) 116/2009/റവ തീയതി 28.02.2009.

2 മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 13.08.2019 ലെ ജെ4-4063/2018/എം.ഡി.ബി. നമ്പർ ശുപാർശ.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് ഉത്തരവായിരുന്നു. മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൻകീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം 01/01/2019 മുതൽ പ്രാബല്യത്തിൽ പരിഷ്കരിക്കണമെന്നഭ്യർത്ഥിച്ച് ബോർഡ് തീരുമാന പ്രകാരം മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ പരാമർശം (2) പ്രകാരം സമർപ്പിച്ച ശമ്പള പരിഷ്കരണ ശുപാർശകൾ സർക്കാർ പരിശോധിക്കുകയും നിലവിലുള്ള വിവിധ ഗ്രേഡുകളിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം താഴെ പറയും പ്രകാരം പരിഷ്കരിക്കുന്നതിന് മലബാർ ദേവസ്വം ബോർഡിന് നിർദ്ദേശം നൽകി ഉത്തരവാകുകയും ചെയ്യുന്നു.

1. **ക്ഷേത്രങ്ങളുടെ ഗ്രേഡിങ്ങ്-**

| വാർഷിക വരുമാനപരിധി | ഗ്രേഡ് |
|---|---|
| 4 കോടിക്ക് മുകളിൽ | സൂപ്പർ ഗ്രേഡ് |
| 75 ലക്ഷത്തിന് മുകളിൽ 4കോടി വരെ | ഗ്രേഡ് I |
| 25 ലക്ഷത്തിന് മുകളിൽ 75 ലക്ഷം വരെ | ഗ്രേഡ് II |
| 10 ലക്ഷത്തിന് മുകളിൽ 25 ലക്ഷം വരെ | ഗ്രേഡ് III |
| 10 ലക്ഷത്തിന് താഴെ | ഗ്രേഡ് IV |

2. **തസ്തികകൾ-**

**ഇൻഡോർ തസ്തികകൾ**

മേൽ ശാന്തി, കീഴ്ശാന്തി/ ശാന്തി, തൃക്കോവിൽ,പ് രസാദവിതരണം, കഴകം (മാലകഴകം, അടിച്ചുതളി കഴകം, വിളക്ക് വെപ്പ്), വാദ്യം (ചെണ്ട, കുഴൽ, തിമില, ഇലത്താളം, കൊമ്പ്,

മദ്ദളം, ചേങ്ങില, പൂജകൊട്ട്), തീയാട്ട്/വെളിച്ചപ്പാട്/അടികൾ.

**ഔട്ട്ഡോർ തസ്തികകൾ**

മാനേജർ, അസിസ്റ്റന്റ് മാനേജർ, അസിസ്റ്റന്റ് എഞ്ചിനീയർ, മെഡിക്കൽ ഓഫീസർ, ഫാർ മസിസ്റ്റ്, ലൈബ്രേറിയൻ , ഹെഡ്ക്ലാർക്ക്/ ഹെഡ് അക്കൗണ്ടന്റ്, യു.ഡി.ക്ലാർ ക്ക്/ യു.ഡി.ടൈപ്പിസ്റ്റ്, ക്ലാർക്ക് (കലവറ/ സ്റ്റോർകീപ്പർ/ വഴിപാട് ക്ലാർക്ക്/ ഓഫീസ് ക്ലാർക്ക്), ടൈപ്പിസ്റ്റ്, അടിച്ചുതളി, അറ്റൻഡർ/ വാച്ച്മാൻ/ കാവൽ, പ്യൂൺ, മൈക്ക് ഓപ്പറേറ്റർ, കതിന വെടി, അലക്ക്, ആനപാപ്പാൻ.

## 3. ശമ്പള സ്കെയിലുകൾ/ മാസ്റ്റർസ്കെയിൽ -

**ഇൻഡോർ തസ്തികകൾ**

**ഗ്രേഡ് IV**

| തസ്തിക | നിലവിലുള്ളത് | പരിഷ്കരിച്ചത് |
|---|---|---|
| മേൽശാന്തി (ഒന്നിൽ കൂടുതൽ ശാന്തിക്കാർ ഉള്ളപ്പോൾ മാത്രം) | 2500-60-3100-75-3850-90-4300 | 13900-360-14980-400-16980-440-18740-500- 21240-560-24040 |
| കീഴ്ശാന്തി/ ശാന്തി | 2200-50-2700-60-3300-70-3650 | 13210-330-13540-360-14980-400-16980-440- 18740-500-1240-560-22360 |
| കഴകം/ വാദ്യം | 2050-30-2350-40-2750-50-3000 | 10480-270-11020-300-12220-330-13540-360-14980-400-16580-440-18300 |
| വെളിച്ചപ്പാട് | 750-10-760-15-850-20-970-25-1120 | 8500-230-9190-250-9940-270-11020-300-12220-330-13210 |

**ഗ്രേഡ് III**

| തസ്തിക | നിലവിലുള്ളത് | പരിഷ്കരിച്ചത് |
|---|---|---|
| മേൽശാന്തി | 7480-170-7990-200-9590-240- 10790-280-11910 | 16980-440-18740-500-21240-560-24040-620-7140-680-29860-750-32860-820-36140 |
| കീഴ്ശാന്തി/ ശാന്തി | 5930-150-6680-160-7480-170- 7990-200-9590 | 16180-400-16980-440-18740-500-21240-560-24040-620-7140-680-29860-750-32860 |
| കഴകം/ വാദ്യം | 4300-100-4400-110-4510-120-4990-130-5510 | 11620-300-12220-330-13540-360-14980-400-16980-440-18740-500-20240 |
| വെളിച്ചപ്പാട് | 750-10-760-15-850-20-970-25-1120 | 8500-230-9190-250-9940-270-11020-300- 12220-330-13210 |

<u>ഗ്രേഡ് II</u>

| തസ്തിക | നിലവിലുള്ളത് | പരിഷ്കരിച്ചത് |
|---|---|---|
| മേൽശാന്തി | 7990-200-9590-240-10790-280- 11910-340-12930 | 18740-500-21240-560-24040-620-27140-680- 29860-750-32860-820-33680 |
| കീഴ്ശാന്തി/ ശാന്തി | 6380-150-6680-160-7480-170- 7990-200-9590-240-10310 | 16980-440-18740-500-21240-560-24040-620- 27140-680-29860-750-31360 |

| | | |
|---|---|---|
| കഴകം/ വാദ്യം | 4400-110-4510-120-4990-130-5510-140-5930-150-6080 | 13210-330-13540-360-14980-400-16980-440- 18740-500-1240-560-22360 |
| വെളിച്ചപ്പാട് | 750-10-760-15-850-20-970-25-1120 | 8500-230-9190-250-9940-270-11020-300- 12220-330-13210 |
| തിയ്യാട്ട്/ കളംപാട്ട് | 4300-100-4400-110-4510-120-4990-130-5510 | 9940-270-11020-300-12220-330-13540-360- 14980-400-16580 |

## ഗ്രേഡ് I

| തസ്തിക | പരിഷ്കരിച്ചത് |
|---|---|
| മേൽശാന്തി | 27140-680-29860-750-32860-820-36140-900-40640-1000-48640-1100-53940 |
| കീഴ്ശാന്തി/ ശാന്തി | 24040-620-27140-680-29860-750-34500-820-36140-900-40640-1000-48640-1100-50640 |
| കഴകം/ വാദ്യം | 14620-360-14980-400-16980-440-18740-500-21240-560-24040-620-25280 |
| വെളിച്ചപ്പാട്/ തിയ്യാട്ട്/ കളംപാട്ട് | 11620-300-12220-330-13540-360-14980-400-16980-440-18740-500-20240 |

## ഔട്ട്ഡോർ തസ്തികകൾ

## ഗ്രേഡ് IV

| തസ്തിക | നിലവിലുള്ളത് | പരിഷ്കരിച്ചത് |
|---|---|---|

| | | |
|---|---|---|
| ക്ലാർക്ക്/ മാനേജർ | 2200-50-2700-60-3300-70-3650 | 11620-300-12220-330-13540-360-14980-400-16980-440-18740-500-20240 |
| അടിച്ചുതളി | 1500-10-1650-15-1800-20-2000 | 8500-230-9190-250-9940-270-11020-300- 12220-330-13210 |
| വാച്ച്മാൻ/ അലക്ക്/ വിളക്ക് വെപ്പ് | 2050-30-2350-40-2750-50-3000 | 9190-250-9940-270-11020-300-12220-330- 13540-360-14980-400-15780 |

## ഗ്രേഡ് III

| തസ്തിക | നിലവിലുള്ളത് | പരിഷ്കരിച്ചത് |
|---|---|---|
| മാനേജർ/ സൂപ്പർവൈസർ | 7480-170-7990-200-9590-240-10790-280-11910 | 16980-440-18740-500-21240-560-24040-620- 27140-680-29860-750-31360 |
| യു.ഡി.ക്ലാർക്ക്/ യു.ഡി. ടൈപ്പിസ്റ്റ് | 5650-140-5930-150-6680-160- 7480-170-7990-200-8790 | 15380-400-16980-440-18740-500-21240-560-24040-620-25900 |
| ക്ലാർക്ക്/ ടൈപ്പിസ്റ്റ്/ കലവറ ക്ലാർക്ക്/ വഴിപാട് ക്ലാർക്ക് | 4750-120-4990-130-5510-140-5930-150-6680-160-7480-70-7820 | 13210-330-13540-360-14980-400-16980-440- 18740-500-1240-560-22360 |
| പ്യൂൺ/ അറ്റൻഡർ/ കാവൽ/ മൈക്ക് ഓപ്പറേറ്റർ/ വെടിവഴിപാട് | 4300-100-4400-110-4510-120-4990-130-5510 | 11620-300-12220-330-13540-360-14980-400-16980-440-18740-500-20240 |

| | | |
|---|---|---|
| അടിച്ചുതളി | 2200-75-2800-100-3500 | 9940-270-11020-300-12220-330-13540-360- 14980-400-16580 |

**<u>ഗ്രേഡ് II</u>**

| തസ്തിക | നിലവിലുള്ളത് | പരിഷ്കരിച്ചത് |
|---|---|---|
| മാനേജർ/ സൂപ്പർ വൈസർ | 7990-200-9590-240-10790-280- 11910-340-12930 | 20240-500-21240-560-24040-620- 27140-680-29860-750-32860-820-36140-900- 40640 |
| ഹെഡ്ക്ലാർക്ക്/ ഹെഡ് അക്കൗണ്ടൻറ് | 7480-170-7990-200-9590-240- 10790-280-11910 | 17420-440-18740-500-21240-560-24040-620- 27140-680-29860-750-32860-820-36140 |
| യു.ഡി.ക്ലാർക്ക്/ യു.ഡി. ടൈപ്പിസ്റ്റ് | 6080-150-6680-160-7480-170- 7990-200-9590-240-9830 | 16180-400-16980-440-18740-500-21240-560- 24040-620- 27140-680-29180 |
| ക്ലാർക്ക്/ ടൈപ്പിസ്റ്റ്/ കലവറ ക്ലാർക്ക്/ വഴിപാട് ക്ലാർക്ക് | 4990-130-5510-140-5930-150- 6680-160-7480-170-7990 | 13900-360-14980-400-16980-440-18740-500- 21240-560-24040 |
| പ്യൂൺ/ അറ്റൻഡർ/ കാവൽ/ മൈക്ക് ഓപ്പറേറ്റർ/ വെടിവഴിപാട് | 4400-110-4510-120-4990-130-5510-140-5930-150-6080 | 12220-330-13540-360-14980-400-16580-440- 18740-500-16580 |
| അടിച്ചുതളി/ / അലക്ക്/ മറ്റുള്ളവ | 4300-100-4400-110-4510-120-4990-130-5510 | 10480-270-11020-300-12220-330-13540-360-14980-400-16580-440-18300 |

**<u>ഗ്രേഡ് I</u>**

| തസ്തിക | പരിഷ്കരിച്ചത് |
|---|---|
| അസിസ്റ്റൻറ് എഞ്ചിനീയർ/ മെഡിക്കൽ ഓഫീസർ | 36140-900-40640-1000-48640-1100-57440-1200 -59840-1300-68940 |
| മാനേജർ/സൂപ്പർവൈസർ | 27140-680-29860-750-32860-820-36140-900-40640-1000-48640-1100-53940 |
| ഹെഡ്ക്ലാർക്ക്/ഹെഡ് അക്കൗണ്ടൻറ് | 24040-620-27140-680-29860-750-32860-820-33680-820-36140-900-40640-1000-48640-1100-51940 |
| ഫാർമസിസ്റ്റ് | 19740-500-21240-560-24040-620-27140-680- 29860-750-32860-820-33680-820-36140-900-40640 |
| യു.ഡി.ക്ലാർക്ക്/യു.ഡി. ടൈപ്പിസ്റ്റ് | 19740-500-21240-560-24040-620-27140-680- 29860-750-32860-820-33680-820-36140-900-40640 |
| ക്ലാർക്ക്/ടൈപ്പിസ്റ്റ്/കലവറ ക്ലാർക്ക്/വഴിപാട് ക്ലാർക്ക് | 16180-400-16980-440-18740-500-21240-560- 24040-620-27140-680-29180 |
| അടിച്ചുതളി /അലക്ക്/മറ്റുള്ളവ | 13210-330-13540-360-14980-400-16980-440- 18740-500-21240-560-22360 |
| പ്യൂൺ/അറ്റൻഡർ/കാവൽ/മൈക്ക് ഓപ്പറേറ്റർ/ വെടി വഴിപാട് / 2-ാം ആനപാപ്പാൻ | 14620-360-14980-400-16980-440-18740-500- 21240-560-24040-620-25280- |
| ലൈബ്രറി അസിസ്റ്റൻറ് / ഡ്രൈവർ/ 1-ാപാപ്പാൻ | 14980-400-16980-440-18740-500-21240-560-24040-620-25280- |

**<u>മാസ്റ്റർസ്കെയിൽ (ഗ്രേഡ് I മുതൽ IVകൂടി)</u>**

8500-230-9190-250-9940-270-11020-300-12220-330-1350-

360-14980-400-16980-440-18740-500-21240-560-24040-620-27140-680-29860-750-32860-820-36140-900-40640-1000-48640-1100-57440-1200 -59840-1300-68940

<u>സൂപ്പർ ഗ്രേഡ്</u>

| തസ്തിക (ഇൻഡോർ) | പരിഷ്കരിച്ചത് |
|---|---|
| മേൽശാന്തി | 38500-81000 |
| കീഴ്ശാന്തി/ ശാന്തി | 32300-65400 |
| കഴകം/ വാദ്യം | 18500-43600 |
| വെളിച്ചപ്പാട് | 17500-39500 |
| **തസ്തിക (ഔട്ട്ഡോർ)** | **പരിഷ്കരിച്ചത്** |
| അസിസ്റ്റന്റ് എഞ്ചിനീയർ/ മെഡിക്കൽ ഓഫീസർ | 41500-83000 |
| മാനേജർ/ സൂപ്പർവൈസർ | 38500-81000 |
| ഹെഡ്ക്ലാർക്ക്/ ഹെഡ് അക്കൗണ്ടന്റ് | 29200-60900 |
| ഫാർമസിസ്റ്റ് | 26500-55350 |
| യു.ഡി.ക്ലാർക്ക്/ യു.ഡി. ടൈപ്പിസ്റ്റ് | 26500-55350 |
| ക്ലാർക്ക്/ ടൈപ്പിസ്റ്റ്/ കലവറ ക്ലാർക്ക്/ വഴിപാട് ക്ലാർക്ക് | 20000-46900 |
| അറ്റൻഡർ/ കാവൽ/ മൈക്ക് ഓപ്പറേറ്റർ/ വെടിവഴിപാട്, 1-ാം ആനപാപ്പാൻ, ഡ്രൈവർ | 18500-43600 |
| അടിച്ചുതളി/ വെളിച്ചപ്പാട്/ അലക്ക്/ 2-ാം ആനപാപ്പാൻ മറ്റുള്ളവ | 17500-39500 |
| പ്യൂൺ | 17500-39500 |

<u>മാസ്റ്റർസ്കെയിൽ (സൂപ്പർ ഗ്രേഡ്)</u>

17500-500-20000-550-22200-600-25200-650-27800-700-29900-800-33900-900-37500-1000-42500-1100-48000-120-54000-1350-59400-1500-65400-1650-72000-1800-81000-2000-97000-2200-108000-2400-

120000

നിത്യപൂജയും വിളക്ക് വയ്പ്പും ഒരു നേരം മാത്രമുള്ളതോ, പ്രതിദിനപ്രവർത്തന സമയം കേവലം നാലു മണിക്കൂറിൽ താഴെ മാത്രം ഒതുങ്ങുന്നതോ ആയ ക്ഷേത്രങ്ങളിലെ

ജീവനക്കാരെ പാർട്ട് ടൈം ജീവനക്കാരായി പരിഗണിക്കുന്നതാണ്. അവരുടെ പ്രതിമാസ സഞ്ചിതവേതനം -

| തസ്തിക | നിലവിലുള്ളത് | പരിഷ്കരിച്ചത് |
|---|---|---|
| ശാന്തി | 1500 | 7500 |
| കഴകം | 1000 | 6000 |

4. <u>വീട്ടുവാടകബത്ത</u>

| ക്ഷേത്രത്തിൻറെ ഗ്രേഡ് | നിലവിലെ വീട്ടുവാടക ബത്ത | പരിഷ്കരിച്ച വീട്ടുവാടകബത്ത |
|---|---|---|
| IV | 60 | 350 |
| III | 100 | 450 |
| II | 100 | 500 |
| I | 150 | 600 |
| Super Grade 17500-26500 | | 1000 |
| 27150-42500 | | 1250 |
| 43600 and above | | 1500 |

5 . <u>**സർവ്വീസ് അലവൻസ്**</u> - ഗ്രേഡ് IV ൽ ഉൾപ്പെടുന്ന ക്ഷേത്രങ്ങളിലെ കഴക ജീവനക്കാർക്ക് പൂജാ പുഷ്പങ്ങൾ ശേഖരിക്കുന്നതിനും മറ്റുമായി പ്രതിമാസം 500 രൂപ പ്രത്യേക സർവ്വീസ് അലവൻസായി അനുവദിക്കുന്നു.

6 . <u>**പ്രത്യേക അവശതാബത്ത**</u> - ക്ഷേത്രങ്ങളിൽ പ്രവൃത്തി ചെയ്തു വരുന്ന അംഗപരിമിതരായ ജീവനക്കാർക്കായി പ്രതിമാസം 350 രൂപ പ്രത്യേക അവശതാബത്ത അനുവദിക്കുന്നു.

7 . <u>**സബ്സ്റ്റിറ്റ്യൂട്ട് അലവൻസ്**</u> - ഗ്രേഡ് IV ൽ ഉൾപ്പെടുന്ന ക്ഷേത്രങ്ങളിലെ ശാന്തി,കഴകം എന്നീ അടിസ്ഥാന തസ്തികകളിൽ പ്രവൃത്തി ചെയ്തുവരുന്ന പാരമ്പര്യ ജീവനക്കാർക്ക് പുല, വാലായ്മ എന്നിവകളാൽ ക്ഷേത്രത്തിൽനിന്ന് വിട്ടുനിൽക്കേണ്ട അവസ്ഥ സംജാതമാവുന്ന അവസരത്തിൽ പകരം സംവിധാനം ഒരുക്കുന്നതിനായി പരമാവധി പ്രതിവർഷം 5000/- രൂപ ഒരു ജീവനക്കാരന് എന്ന നിലയ്ക്ക് ക്ഷേത്രങ്ങൾക്ക് സബ്സ്റ്റിറ്റ്യൂട്ട് അലവൻസ് അനുവദിക്കുന്നു.

8 . <u>**റിസ്ക് അലവൻസ്**</u> -കതിനവെടി, ആനപ്പാപ്പാൻ എന്നീ വിഭാഗത്തിലുൾപ്പെടുന്ന ജീവനക്കാർക്കായി റിസ്ക് അലവൻസ് ഇനത്തിൽ ഒരു പ്രത്യേക ബത്തയായി പ്രതിമാസം

250/- രൂപ അനുവദിക്കുന്നു.

9 . **കണ്ണട വാങ്ങുന്നതിനുള്ള പ്രത്യേക അലവൻസ്.-** ക്ഷേത്രജീവനക്കാർക്ക് കണ്ണടവാങ്ങുന്ന തിനായി 1000/- രൂപ അനുവദിക്കുന്നു. പ്രസ്തുത അലവൻസ് 10 വർഷത്തിലൊരിക്കലും മൊത്ത സേവനകാലയളവിൽ പരമാവധി 3 തവണ യായും നിജപ്പെടുത്തുന്നു.

10. **ലീവ് സറണ്ടർ** - പാരമ്പര്യേതര ജീവനക്കാർ നിലവിൽ അനുഭവിച്ചുവരുന്ന ലീവ് സറണ്ടർ വർഷത്തിൽ 20 ദിവസം എന്നത് തുടരുന്നതാണ്. വരുമാനം കുറഞ്ഞതും, ശമ്പളത്തിനായി മാനേജ്മെന്റ് ഫണ്ടിനെ ആശ്രയിച്ചുവരുന്നതുമായ ക്ഷേത്രങ്ങളിലെ ഇത്തരം ജീവനക്കാർക്ക് 50% വരെയുള്ള തുക മാനേജ്മെന്റ് ഫണ്ടിൽനിന്ന് അനുവദിക്കുന്നതായിരിക്കും.

11. **പ്രസവാവധി** - വനിതാജീവനക്കാർക്ക് സർക്കാർ നിയമപ്രകാരമുള്ള പ്രസവാവധി അനുവദിക്കുന്നതാണ്.

12. **വസ്ത്രം** - എല്ലാ ഗ്രേഡിലും ഉള്ള ക്ഷേത്രങ്ങളിലെ ശാന്തി തസ്തികയിലെ ജീവനക്കാർക്ക് ക്ഷേത്രഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാസത്തിൽ ഒരു ജോഡി വസ്ത്രം (ഇണത്തോർത്ത്) അനുവദിക്കാവുന്നതാണ്.

13. **യോഗ്യസേവനകാലം** - ക്ഷേത്രജീവനക്കാരുടെ പരമാവധി യോഗ്യസേവനകാലം 40 വർഷമായി നിജപ്പെടുത്തുന്നു. അതിനുശേഷവും തുടരുന്നവരുന്ന ജീവനക്കാർക്ക് ശേഷിക്കുന്ന കാലം അടിസ്ഥാനശമ്പളം മാത്രം നൽകിയാൽ മതിയാകും എന്ന ഒരു പൊതു നിബന്ധന വയ്ക്കാവുന്നതാണ്. എന്നാൽ പാരമ്പര്യജീവനക്കാർക്ക് ഇത് 65 വയസ്സ് തികയുന്ന സമയം എന്ന് നിജപ്പെടുത്താവുന്നതും, ശേഷിക്കുന്ന കാലം മേൽപരാമർശിച്ച വിധം അടിസ്ഥാനശമ്പളം നൽകി തുടരാൻ അനുവദിക്കുന്ന കാര്യമോ, അല്ലെങ്കിൽ അടുത്ത അവകാശിയെ നിയമിച്ച് ഇവരെ അടുത്തുൺപറ്റി പിരിയാൻ അനുവദിക്കുന്ന കാര്യമോ പരിഗണിക്കാവുന്നതുമാണ്.

14. **ക്ഷാമബത്ത** - ക്ഷേത്ര ജീവനക്കാരുടെ 31.12.2018ന് അർഹതപ്പെട്ട മുഴുവൻ ക്ഷാമബത്തയും അടിസ്ഥാശമ്പളത്തിനോടൊപ്പം ലയിപ്പിച്ചാണ് പുതിയ ശമ്പള പരിഷ്കരണം 01.01.2019 പ്രാബല്യത്തിൽ നടപ്പിൽ വരുത്തിയിട്ടുള്ളത്. സൂപ്പർ ഗ്രേഡുൾപ്പെടെ എല്ലാ ഗ്രേഡിലുമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് അനുവദനീയമായ ക്ഷാമബത്ത സംബന്ധിച്ച് മലബാർ ദേവസ്വം ബോർഡ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മാത്രമേ ബാധകമാവുകയുള്ളൂ.

15. **പൊതുനിബന്ധനകൾ -**

- 25 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള (അസസ്സിബിൾ ഇൻകം) എല്ലാ ക്ഷേത്രങ്ങൾക്കും വരുമാനത്തിൻറെ 50% തുക ശമ്പളത്തിനായി ചെലവഴിച്ചിട്ടും തികയാതെ വരുന്ന സംഖ്യ നിലവിലെ വ്യവസ്ഥകൾക്ക വിധേയമായി മാനേജ്മെൻറ്

ഫണ്ടിൽ നിന്നും അനുവദിക്കാവുന്നതാണ്. 3 ലക്ഷത്തിൽ താഴെ വാർഷിക വരുമാന മുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം പൂർണ്ണമായും മാനേജ്മെൻറ് ഫണ്ടിൽ നിന്നും അനുവദിക്കാവുന്നതാണ്.

- ഇൻഡോർ, ഔട്ട്ഡോർ വിഭാഗത്തിൽപ്പെട്ട എല്ലാ ജീവനക്കാരുടെയും പ്രവൃത്തി സമയം ഏറ്റവും കുറഞ്ഞത് 8 മണിക്കൂറായി നിജ പ്പെടുത്തേണ്ടതാണ്. പകരക്കാരെ ജോലിക്കായി ഏർപ്പെടുത്തിക്കൊണ്ട് മറ്റ പ്രവൃത്തികൾക്കായി ജീവനക്കാർ പോകുന്നത് കർശനമായി വിലക്കുന്നു. ഇത്തരം ജീവനക്കാർക്കെതിരെ പിരിച്ചുവിടൽ ഉൾപ്പെടെയുള്ള അച്ചടക്കനടപടികൾ സ്വീകരിക്കേണ്ടതാണ്.
- വാദ്യം/അലക്ക്/മൈക്ക് ഓപ്പറേറ്റർ തുടങ്ങി ചുരുങ്ങിയ സമയം മാത്രം പ്രവൃത്തിയെടുത്തുവരുന്ന ജീവനക്കാർക്ക് ക്ഷേത്രത്തിലെ ഉത്തരവാദിത്തപ്പെട്ട മറ്റ് പ്രവൃത്തികൾ കൂടി നൽകി പ്രവൃത്തി സമയം ഏകീകരിച്ച് മാത്രമേ പുതിയ ശമ്പളസ്കെയിൽ അനുവദിക്കേണ്ടതുള്ളൂ. അല്ലാത്തവർക്ക് നിയമാനുസൃത സഞ്ചിതവേതനം നൽകേണ്ടതാണ്.
- നിത്യനിദാനത്തിനായി ബുദ്ധിമുട്ടനുഭവിക്കുന്ന ക്ഷേത്രങ്ങൾക്ക് പ്രസ്തുത ചെലവ് നടത്തിവരുന്നതിലേക്കായി ബോർഡിന്റെ തനതു ഫണ്ടിൽ നിന്ന് ഒരു പ്രത്യേക ഫണ്ടുണ്ടാക്കി അതിൽ നിന്ന് ഒരു നിശ്ചിത തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നാണ്.
- സമാന്തര കമ്മിറ്റികൾ പ്രവർത്തിച്ച് ക്ഷേത്രവരുമാനം ചോർത്തിക്കൊണ്ടുപോകുന്നത് തടയുന്നതിന് ക്ഷേത്രജീവനക്കാർക്കടക്കം ബാദ്ധ്യതയുള്ളതും ആയത് തടയേണ്ടത് അവരുടെ ഉത്തരവാദിത്വവുമാണ്. ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ മാനേജ്മെൻറ് ഫണ്ടിൽ നിന്നുള്ള ധനസഹായവിതരണം നിർത്തിവെക്കുന്നതാണ്.
- ചില ക്ഷേത്രങ്ങളിൽ വഴിപാട് വിഹിതം, സാധന വില എന്നിവ കൈപ്പറ്റിക്കൊണ്ട് പൂജാദികർമ്മങ്ങൾ നടത്തിവരുന്ന ജീവനക്കാർക്ക് നിലവിൽ നൽകിവരുന്ന വഴിപാട് വിഹിതം പരിമിതപ്പെടുത്തേണ്ടതാണ്. ഇപ്രകാരമുള്ള ജീവനക്കാർക്ക് പ്രതിമാസ ശമ്പളമോ, വിഹിതമോ ഏതാണ് അധികം കൈപ്പറ്റി വരുന്നത് തെരഞ്ഞെടുക്കേണ്ടതും, ആയത് മാത്രം അനുവദിക്കേണ്ടതുമാണ്.
- മിക്കക്ഷേത്രങ്ങളിലും ക്ഷേത്രവരുമാനത്തിൽനിന്നുള്ള ചെലവിനങ്ങൾക്ക് പ്രത്യേക നിയന്ത്രണങ്ങൾ നിലവിൽ കർശനമായി പാലിച്ചുവരാത്തതിനാൽ അർഹതപ്പെട്ട ശമ്പളം, കാലാകാലങ്ങളിൽ പ്രഖ്യാപിച്ചുവരുന്ന ക്ഷാമബത്ത എന്നിവ ജീവനക്കാർക്ക് നൽകിവരുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുള്ള തിനാൽ ഇനിമുതൽ ഇപ്രകാരമുള്ള ദുർവ്വ്യയങ്ങൾ പ്രത്യേകിച്ച് ഉത്സവച്ചെലവ്, വഴിപാട് ചെലവ്, തന്ത്രിദക്ഷിണ എന്നിവ പരമാവധി കുറയ്ക്കേണ്ടതാണ്. ഈയിനത്തിൽ വരുന്ന ചെലവ് എസ്റ്റാബ്ലിഷ്മെൻറ് ചെലവായി കണക്കിലെടുക്കേണ്ടതും, പരമാവധി വരുമാനത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ലാത്തതുമാണ്.
- ഉത്സവനടത്തിപ്പ്, ഭണ്ഡാരം തുറന്നെണ്ണൽ തുടങ്ങിയ പ്രവൃത്തികൾ ക്ഷേത്രജീവനക്കാരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽപ്പെട്ട വയായതിനാൽ അത്തരം പ്രവൃത്തികൾക്ക് അധികവേതനമോ, അലവൻസുകളോ അനുവദിക്കാൻ പാടില്ല.

- എല്ലാ ക്ഷേത്രജീവനക്കാർക്കും ദേശസാൽകൃതമായതോ അല്ലാത്തതോ ആയ ബാങ്കുകളിൽ പ്രത്യേകം അക്കൗണ്ട് മുഖാന്തിരം മാത്രം ശമ്പളവിതരണം നടത്തേണ്ടതാണ്. മാനേജ്മെന്റ് ഫണ്ടിൽനിന്ന് ബാങ്ക് അക്കൗണ്ട് വഴി നേരിട്ട് ശമ്പളകുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള പ്രത്യേക പദ്ധതി ബോർഡ് ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.
- മലബാർ ദേവസ്വം ബോർഡിൽ ക്ഷേത്രജീവനക്കാർക്ക് ഗഡുക്കളായി മുൻകൂർ ശമ്പളം അനുവദിച്ചുവരുന്ന സാഹചര്യത്തിൽ ഒരു വർഷത്തെ ശമ്പളകുടിശ്ശിക പൂർണ്ണമായി ആ വർഷം അവസാനിച്ച് 6 മാസത്തിനകം കൈപ്പറ്റിയിരിക്കേണ്ടതാണ്. പരമാവധി 2 വർഷത്തിലധികമുള്ള കുടിശ്ശികയുള്ള അപേക്ഷകൾ ഒഴിവാക്കേണ്ടതാണ്.
- ഹിന്ദുതധർമ്മസ്ഥാപന(ഭരണ)വകുപ്പിന്റെയോ, മലബാർ ദേവസ്വം ബോർഡിൻറെയോ അംഗീകാരമില്ലാതെ നടത്തിയ നിയമനങ്ങളിൽ ഉള്ളവർക്ക് ശമ്പള പരിഷ്കരണത്തിൻറെ ആനുകൂല്യം ലഭിക്കുന്നതല്ല.
- ബോർഡിന്റെ മുൻകൂർ അനുമതിയില്ലാതെ ക്ഷേത്രങ്ങളിൽ ഒരു തസ്തികയും സൃഷ്ടിക്കാൻ പാടില്ലാത്തതാണ്.
- ക്ഷേത്രത്തിന്റെ ഗ്രേഡ് കണക്കാക്കുന്നത് ക്ഷേത്രത്തിൻറെ അസസ്സിബിൾ വരുമാനത്തിൻറെ അടിസ്ഥാനത്തിൽ ആയിരിക്കും.
- ഗ്രേഡ് IV ൽ വരുന്ന ക്ഷേത്രങ്ങളിലെ അംഗീകൃത അടിസ്ഥാനതസ്തികകളിൽ ഒഴിവു വരുന്ന വേളകളിൽ നിയമന നടപടിക്രമങ്ങൾ പൂർത്തിയാകുന്നതുവരെ തുടർന്നു വരുന്ന താൽക്കാലിക ജീവനക്കാരുടെ ശമ്പളയിനത്തിലേക്കായി മിനിമം അടിസ്ഥാനശമ്പളവും ആയതിൻറെ ക്ഷാമബത്തയും ബോർഡിൽനിന്ന് മാനേജ്മെൻറ് ഫണ്ട് നിബന്ധനകൾക്കനുസൃതമായി അനുവദിക്കുന്നതാണ്.
- ക്ഷേത്രങ്ങളുടെ വഴിപാട് വരവിനെയും ചെലവിനെയും സ്വാധീനിക്കുന്ന പ്രധാന ഘടകം കലവറ നടത്തിപ്പ് ആയതിനാൽ ഗ്രേഡ് II, I, സൂപ്പർ ഗ്രേഡുകളിൽപ്പെട്ട ക്ഷേത്രങ്ങളിലെ കലവറ സംവിധാനം പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിക്കേണ്ടതാണ്. മറ്റു ഗ്രേഡുകളിലെ ക്ഷേത്രങ്ങളിൽ കലവറ നടത്തിപ്പ് കൃത്യമായ സ്റ്റോക്ക് രജിസ്റ്റർ സംവിധാനത്തോടെ നടത്തേണ്ടതും മാസത്തിലൊരിക്കൽ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തേണ്ടതുമാണ്.
- മുഖ്യക്ഷേത്രങ്ങളിൽ ജീവനക്കാരുടെ ഹാജർനില ക്രമീകരിക്കുന്നതിനായി ആറ് മാസത്തിനകം പഞ്ചിംഗ് മെഷീൻ ക്ഷേത്രങ്ങളിൽ സ്ഥാപിക്കേണ്ടതും, ആയത് ശമ്പളവിതരണ സോഫ്റ്റ് വെയറുമായി ബന്ധിപ്പിക്കേണ്ടതുമാണ്.
- ഗ്രൂപ്പ് ക്ഷേത്രങ്ങളിൽ വരുമാനമുള്ള ക്ഷേത്രത്തിലെ വരുമാനത്തിന്റെ 50% തുക വിനിയോഗിച്ചാലും കീഴേടങ്ങളടക്കമുള്ള ജീവനക്കാരുടെ ശമ്പളം നൽകുവാൻ കഴിയുന്നില്ലായെങ്കിൽ വരുമാനം കുറഞ്ഞതും ഗ്രൂപ്പ് IV- ൽ ഉൾപ്പെടുന്നതുമയ ക്ഷേത്രങ്ങളെ പ്രത്യേക യൂണിറ്റായി പരിഗണിച്ച് മാനേജ്മെൻറ് ഫണ്ടിൽ നിന്ന് ധനസഹായം അനുവദിക്കാവുന്നതാണ്. ഇത്തരം ക്ഷേത്രങ്ങളിൽ പ്രധാന ക്ഷേത്രത്തിൽ നിന്ന് വേർപെട്ട് ദൂരെ സ്ഥിതി ചെയ്യുന്നതായിരിക്കണമെന്ന വ്യവസ്ഥ തുടരുന്നതാണ്.
- പല ക്ഷേത്രങ്ങളിലും ജീവനക്കാരുടെ യഥാർത്ഥ ജോലിയുമായി ബന്ധപ്പെടാതെയുള്ള തസ്തിക നാമകരണം ചെയ്തു കാണുന്നു. സൂപ്പർവൈസർ, സൂപ്രണ്ട്, മാനേജർ

എന്നിങ്ങനെ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്നവരും യഥാർത്ഥത്തിൽ ക്ഷേത്രഭരണകാര്യങ്ങളിൽ മേൽനോട്ടം വഹിക്കാത്തവരുമായ ജീവനക്കാരുടെ തസ്തികകൾ അവരുടെ ജോലിയുടെ സ്വഭാവമനുസരിച്ച് പുനർനാമകരണം ചെയ്യാവുന്നതാണ്.

- വരുമാനമുള്ള ക്ഷേത്രങ്ങളിൽ സ്റ്റാഫ് പാറ്റേൺ ബോർഡ് നിശ്ചയിച്ച് നൽകേണ്ടതാണ്.
- ഈ ശമ്പള പരിഷ്കരണം സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിന് ഒരു അനോമലി പരിഹാര സമിതി രൂപവൽക്കരിക്കാവുന്നതാണ്.

## 16. <u>സമയ ബന്ധിത ഹയർ ഗ്രേഡ് *</u>

പ്രവേശന തസ്തികയിലെ സർവീസ് കണക്കാക്കിയാണ് സമയബന്ധിത ഗ്രേഡ് നൽകുന്നത്.

1. പ്രവേശന തസ്തികയിൽ 8 വർഷത്തെ സർവീസ് പൂർത്തിയാക്കുമ്പോൾ ആദ്യത്തെ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കാവുന്നതാണ്.
2. പ്രവേശന തസ്തികയിൽ 16 വർഷത്തെ സർവീസ് പൂർത്തിയാക്കുമ്പോഴോ, പ്രവേശന തസ്തികയിലും പ്രമോഷൻ/ഗ്രേഡ് പ്രമോഷൻ തസ്തികയിലും കൂടി 16 വർഷം പൂർത്തിയാക്കുമ്പോഴോ രണ്ടാമത്തെ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കാം.
3. പ്രവേശന തസ്തികയിൽ 23 വർഷത്തെ സർവീസ് പൂർത്തിയാക്കുമ്പോഴോ, പ്രവേശന തസ്തികയിലും പ്രമോഷൻ/ഗ്രേഡ് പ്രമോഷൻ തസ്തികയിലും കൂടി 23 വർഷം പൂർത്തിയാക്കുമ്പോഴോ മൂന്നാമത് സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കാം.
4. എല്ലാ ഗ്രേഡിലുമുള്ള ക്ഷേത്രങ്ങളിലെ ഏറ്റവും താഴ്ന്ന സ്കെയിലുകളിലുള്ള ജീവനക്കാർക്ക് പ്രവേശന തസ്തികയിൽ 32 വർഷത്തെ സർവീസ് പൂർത്തിയാക്കുമ്പോഴോ, പ്രവേശന തസ്തികയിലും പ്രമോഷൻ/ഗ്രേഡ് പ്രമോഷൻ തസ്തികയിലും കൂടി 32 വർഷം പൂർത്തിയാക്കുമ്പോഴോ നാലമത് ഒരു സമയബന്ധിത ഹയർ ഗ്രേഡ് കൂടി അനുവദിക്കാം.

<u>പട്ടിക</u> 1 (ഗ്രേഡ് IV, III, II, I ബാധകം)

1. 16980-31360 ഉം അതിനു മുകളിലുള്ളതുമായ സ്കെയിലിൽ പ്രവേശ തസ്തികയിൽ ശമ്പളം കൈപ്പറ്റുന്നവർക്ക് കേവലം 8, 16 എന്നീ വർഷങ്ങളിലെ സമയബന്ധിത ഗ്രേഡിനേ അർഹതയുണ്ടാവുകയുള്ളൂ.
2. 24040-51940 ഉം അതിനു മുകളിലുള്ളതുമായ സ്കെയിലിൽ പ്രവേശ തസ്തികയിൽ ശമ്പളം കൈപ്പറ്റുന്നവർക്ക് കേവലം 8 വർഷത്തെ സമയബന്ധിത ഗ്രേഡിനേ അർഹതയുണ്ടാവുകയുള്ളൂ.
3. 10480-18300 സ്കെയിൽ വരെയുള്ള ജീവനക്കാർക്ക് 32 വർഷ സർവ്വീസിന്

നാലാമത് ഒരു സമയ ബന്ധിത ഹയർ ഗ്രേഡും അനുവദിക്കുന്നതാണ്.

| പ്രവേശനതസ്തികയിലെ ശമ്പള സ്കെയിൽ | 8 വർഷ ഗ്രേഡ് | 16 വർഷ ഗ്രേഡ് | 23 വർഷ ഗ്രേഡ് | 32 വർഷ ഗ്രേഡ് |
|---|---|---|---|---|
| 8500-13210 | 8730-13540 | 8960-14260 | 9940-16580 | 10480-18300 |
| 8960-14260 | 9190-15780 | 9940-16580 | 10480-18300 | 11620-20240 |
| 9190-15780 | 9940-16580 | 11620-20240 | 13900-24040 | 14620-25280 |
| 9940-16580 | 11620-20240 | 13900-24040 | 14620-25280 | 16180-29180 |
| 10480-18300 | 11620-20240 | 13900-24040 | 14620-25280 | 16180-29180 |
| 11620-20240 | 13210-22360 | 13900-24040 | 16180-29180 | ഇല്ല |
| 13210-22360 | 13900-24040 | 16180-29180 | 16980-31360 | ഇല്ല |
| 13900-24040 | 14620-25280 | 16180-29180 | 16980-31360 | ഇല്ല |
| 14620-25280 | 16180-29180 | 18740-33680 | 19740-34500 | ഇല്ല |
| 15380-25900 | 16980-31360 | 19240-34500 | 19740-34500 | ഇല്ല |
| 16180-29180 | 18740-33680 | 20740-36140 | 24040-51940 | ഇല്ല |
| 16980-31360 | 18740-33680 | 20740-36140 | ഇല്ല | ഇല്ല |
| 17420-36140 | 19240-34500 | 20740-36140 | ഇല്ല | |
| 18740-33680 | 20740-36140 | 22360-37940 | ഇല്ല | ഇല്ല |
| 19740-34500 | 20740-36140 | 22360-37940 | ഇല്ല | ഇല്ല |
| 20240-40640 | 22360-37940 | 24040-38840 | ഇല്ല | |
| 20740-36140 | 22360-37940 | 24040-38840 | ഇല്ല | ഇല്ല |
| 24040-51940 | 27140-51940 | ഇല്ല | ഇല്ല | ഇല്ല |
| 27140-53940 | 32860-63740 | ഇല്ല | ഇല്ല | ഇല്ല |

<u>പട്ടിക.**2**</u> (സൂപ്പർ ഗ്രേഡ് ബാധകം)

4. 26500-55350 ഉം അതിനു മുകളിലുള്ളതുമായ സ്കെയിലിൽ പ്രവേശന തസ്തികയിൽ ശമ്പളം കൈപ്പറ്റുന്നവർക്ക് കേവലം 8, 16 എന്നീ വർഷങ്ങളിലെ സമയബന്ധിത ഗ്രേഡിനേ അർഹതയുണ്ടാവുകയുള്ളൂ.

5. 38500-81000 ഉം അതിനു മുകളിലുള്ളതുമായ സ്കെയിലിൽ പ്രവേശ തസ്തികയിൽ ശമ്പളം കൈപ്പറ്റുന്നവർക്ക് കേവലം 8 വർഷത്തെ സമയബന്ധിത ഗ്രേഡിനേ അർഹതയുണ്ടാവുകയുള്ളൂ.
6. 18500-43600 സ്കെയിൽ വരെയുള്ള ജീവനക്കാർക്ക് 32 വർഷ സർവ്വീസിന് നാലാമത് ഒരു സമയ ബന്ധിത ഹയർ ഗ്രേഡും അനുവദിക്കാവുന്നതുമാണ്.

| പ്രവേശന തസ്തികയിലെ ശമ്പള സ്കെയിൽ | 8 വർഷ ഗ്രേഡ് | 16 വർഷ ഗ്രേഡ് | 23 വർഷ ഗ്രേഡ് | 32 വർഷ ഗ്രേഡ് |
|---|---|---|---|---|
| 17500-39500 | 18500-41500 | 20000-46900 | 21100-48000 | 25200-54000 |
| 18500-43600 | 20000-46900 | 21100-48000 | 22000-49200 | 25200-54000 |
| 20000-46900 | 22000-49200 | 26500-55350 | 27800-59400 | ഇല്ല |
| 26500-55350 | 27800-59400 | 30700-65400 | ഇല്ല | ഇല്ല |
| 29200-60900 | 32300-65400 | 35200-75600 | ഇല്ല | ഇല്ല |
| 32300-65400 | 35200-75600 | 38500-81000 | ഇല്ല | ഇല്ല |
| 38500-81000 | 41500-85000 | ഇല്ല | ഇല്ല | ഇല്ല |
| 41500-83000 | 45800-89000 | ഇല്ല | ഇല്ല | ഇല്ല |

## 17. <u>സ്റ്റാഗ്നേഷൻ ഇൻക്രിമെൻറ്</u>

ജീവനക്കാരൻ, ശമ്പളസ്കെയിലിന്റെ പരമാവധിയിലെത്തിക്കഴിഞ്ഞാലും ഒരു വർഷത്തിന് ഒന്ന് എന്ന തോതിൽ 4 ഇൻക്രിമെന്റും തുടർന്ന് 2 വർഷത്തിനുശേഷം ഒരു ഇൻക്രിമെന്റും എന്ന രീതിയിൽ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് അനുവദിക്കുന്നതാണ്. എന്നാൽ ഇങ്ങനെ ഇൻക്രിമെന്റ് അനുവദിക്കുമ്പോൾ അടിസ്ഥാനശമ്പളം മാസ്റ്റർ സ്കെയിലിന്റെ അവസാന തുകയിലും കവിയാൻ പാടുള്ളതല്ല എന്ന നിബന്ധന തുടരുതാണ്.

ഈ പരിഷ്കരണത്തിന് വ്യക്തിഗതമായ അപാകതകൾ എന്തെങ്കിലും ഉണ്ടാകുന്ന പക്ഷം മലബാർ ദേവസ്വം ബോർഡ് വഴി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം തേടാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K R JYOTHILAL
PRINCIPAL SECRETARY

കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്, കോഴിക്കോട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് [Exp-A1/542/2019-Fin]

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്. [പ്രസിദ്ധീകരണത്തിന്]

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ ദേവസ്വം (ബി) വകുപ്പ് - മലബാർ ദേവസ്വം ക്ഷേത്ര ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം - അനോമലി പ്രൊപ്പോസൽ അംഗീകരിച്ച് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ ദേവസ്വം (ബി) വകുപ്പ്**

സ.ഉ.(കൈ) നം.41/2024/RD   തീയതി,തിരുവനന്തപുരം, 12-02-2024

പരാമർശം:-
1. 12.02.2021 ലെ GO(Ms) 57/2021/RD നമ്പർ ഉത്തരവ്
2. 18.08.2021 ലെ GO(Ms)No.161/2021/RD നമ്പർ ഉത്തരവ്.
3. മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 19.01.2022 തീയതിയിലെ ജെ4/4063/2018/എം.ഡി.ബി. നമ്പർ ഉത്തരവ്.
4. മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 14.07.2022 ലെ ജെ4/4063/2018/എം.ഡി.ബി. നമ്പർ കത്ത്.
5. മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 09.08.2023, 08.12.2023 ലെ ജെ4/4063/2018/എം.ഡി.ബി. നമ്പർ കത്തുകൾ.

**ഉത്തരവ്**

മലബാർ ദേവസ്വം ബോർഡിലെ ക്ഷേത്ര ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിച്ച് കൊണ്ട് പരാമർശം (1) പ്രകാരവും പ്രസ്തുത ഉത്തരവിൽ ഫിക്സേഷൻ ചട്ടങ്ങൾ കൂടി ഉൾപ്പെടുത്തി പരാമർശം (2) പ്രകാരവും സർക്കാർ ഉത്തരവായിരുന്നു. 11.01.2022 - ലെ മലബാർ ദേവസ്വം ബോർഡ് യോഗം (യോഗ തീരുമാനം നം. 64 ) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ക്ഷേത്ര ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ ഉത്തരവിലും ശമ്പള ഫിക്സേഷൻ ഉത്തരവിലും ക്ഷാമബത്ത അനുവദിച്ചു കൊണ്ടുള്ള ഉത്തരവിലും ഭേദഗതി വരുത്തി പരാമർശം (3) പ്രകാരം മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ ഉത്തരവായിരുന്നു. ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവിലെ അനോമലികൾ ബോർഡ് നേരിട്ട് പരിഹരിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിലെ അനൗചിത്യവും നിയമ പ്രശ്നങ്ങളും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി വിഷയം 13.07.2022-ലെ മലബാർ ദേവസ്വം ബോർഡ് യോഗം ചർച്ച ചെയ്യുകയും, ക്ഷേത്ര ജീവനക്കാരുടേയും എക്സിക്യൂട്ടീവ് ഓഫീസർമാരുടേയും ശമ്പള പരിഷ്കരണത്തിലെ അനോമലി പരിഹരിക്കുന്നതിന് മലബാർ ദേവസ്വം ബോർഡ് എടുത്ത തീരുമാനത്തിൽ അപാകതകൾ ഉള്ളതിനാൽ പ്രസ്തുത തീരുമാനവും അതനുസരിച്ചുള്ള നടപടിക്രമങ്ങളും റദ്ദ് ചെയ്യുന്നതിന് തീരുമാനമെടുക്കുകയും ക്ഷേത്ര ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിലും ശമ്പള ഫിക്സേഷൻ ഉത്തരവിലും ക്ഷാമബത്ത അനുവദിച്ചുകൊണ്ടുള്ള ഉത്തരവിലും ഭേദഗതി വരുത്തി പരാമർശം (3) പ്രകാരം കമ്മീഷണർ പുറപ്പെടുവിച്ച ഉത്തരവിന് അംഗീകാരം നൽകുന്നതിനായി സർക്കാരിലേക്ക് സമർപ്പിച്ച അപേക്ഷ, ടി ഉത്തരവ് 13.07.2022-ന് ചേർന്ന മലബാർ ദേവസ്വം ബോർഡ് യോഗം സ്വമേധയാ റദ്ദ് ചെയ്തിട്ടുള്ളതിനാൽ, പരിഗണിക്കേണ്ടതില്ലായെന്നും പ്രസ്തുത

അപേക്ഷ പ്രകാരമുള്ള നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്നും കമ്മിഷണർ ബോധിപ്പിക്കുകയുണ്ടായി .

ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുമ്പോൾ ക്ഷേത്ര ജീവനക്കാരെ പ്രതികൂലമായി ബാധിക്കുന്ന വ്യവസ്ഥകളോ പരാമർശങ്ങളോ ശമ്പള പരിഷ്ക്കരണ ഉത്തരവിൽ ഉണ്ടാവുകയാണെങ്കിൽ അപ്രകാരമുള്ള അപാകതകൾ പരിഹരിക്കുന്നതിന് അനോമലി പരിഹാര സമിതി രൂപീകരിക്കാവുന്നതാണെന്ന് ശമ്പള പരിഷ്ക്കരണ ഉത്തരവിൽ വ്യവസ്ഥയുള്ളതിന്റെ അടിസ്ഥാനത്തിൽ, മലബാർ ദേവസ്വം ബോർഡ് യോഗ തീരുമാനം നം. 1 തീയതി 13.07.2022 പ്രകാരം അനോമലി പരിഹാര സമിതിയും ഡിവിഷൻ അസിസ്റ്റന്റ് കമ്മീഷണർമാരെ ഉൾപ്പെടുത്തി ഉപസമിതിയും രൂപീകരിക്കപ്പെട്ടിരുന്നു എന്നും പ്രസ്തുത ഉപസമിതി തയ്യാറാക്കിയ കരട് റിപ്പോർട്ട് അംഗീകരിക്കുവാനും ആയതിന്റെ അടിസ്ഥാനത്തിൽ ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നതിനും പ്രസ്തുത ഉത്തരവ് സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനും 13.07.2022-ന് ചേർന്ന മലബാർ ദേവസ്വം ബോർഡ് യോഗം (യോഗ തീരുമാനം. 1 ) തീരുമാനിച്ചിരുന്നു എന്നും മലബാർ ദേവസ്വം കമ്മീഷണർ പരാമർശം (4) പ്രകാരം സർക്കാരിനെ അറിയിക്കുകയും അനോമലി പരിഹരിക്കുന്നതിനുള്ള ശുപാർശ സർക്കാർ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിരുന്നു. ആയതിൽ സർക്കാർ ആവശ്യപ്പെട്ട വിശദീകരണങ്ങൾക്ക് പരാമർശം (5) പ്രകാരം മലബാർ ദേവസ്വം ബോർഡ് കമ്മിഷണർ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-2024 സാമ്പത്തിക വർഷം മലബാർ ദേവസ്വം ബോർഡിന് ഗ്രാന്റ്-ഇൻ-എയിഡ് സാലറി ഹെഡിൽ വകയിരുത്തിയ 25,13,39,000/ - ഗ്രാന്റ് ഉപയോഗിച്ചും അധിക സാമ്പത്തിക ബാധ്യതയായി കണക്കാക്കിയ 5 കോടി 44 ലക്ഷം രൂപയുടെ ബാധ്യത ബോർഡ് വഹിക്കേണ്ടതാണെന്നും കുടിശ്ശികയുടെ കാര്യം പിന്നീട് തീരുമാനിക്കാവുന്നതാണെന്നുമുള്ള വ്യവസ്ഥയിലും ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന ശമ്പള പരിഷ്കരണ അനോമലി പ്രൊപ്പോസൽ അംഗീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് [Exp-A1/542/2019-Fin]
ജില്ലാ ട്രഷറി ഓഫീസർ, കോഴിക്കോട്.
സബ് ട്രഷറി ഓഫിസർ, സെക്രട്ടേറിയറ്റ്, തിരവനന്തപുരം
സംഭരണ ഫയൽ/ഓഫീസ് കോപ്പി. (DEV1/154/2022-REV)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**ശമ്പളസ്കെയിലുകൾ/ മാസ്റ്റർ സ്കെയിൽ**

| EXISTING SCALES | REVISED SCALES |
|---|---|
| 1. 750-10-760-15-850-20-970-25-1120 | 8500-150-10500-300-14400-350-15800 |
| 2). 1500-10-1650-15-1800-20-2000 | |
| NEW SCALE PROPOSED FOR SANCTIONING TBHG | **10500-300-14400-350-18600** |
| 2050-30-2350-40-2760-50-3000 | 11700-300-14400-350-18600-500-20100 |
| | 12000-300-14400-350-18600-500-20100-600-23100 |
| 2200-50-2700-60-3300-70-3650 | 12900-300-14400-350-18600-500-20100-600-23700 |
| 2500-60-3100-75-3350-90-4300 | 13800-300-14400-350-18600-500-20100-600-24900 |
| | |

| | |
|---|---|
| NEW SCALE PROPOSED FOR SANCTIONING TBHG | 15450-350-18600-500-20100-600-24900-650-26200 |
| | 18600-500-20100-600-24900-650-27500-700-28200 |
| 4300-100-4400-110-4510-120-4990-130-5510 | 20100-600-24900-650-27500-700-28900 |
| 4400-110-4510-120-4990-130-5510-140-5930-150-6680 | 20700-600-24900-650-27500-700-30300-750-31800 |
| 4510-120-4990-130-5510-140-5930-150-6230 | 21300-600-24900-650-27500-700-30300-750-32550 |
| | 21900-600-24900-650-27500-700-30300-750-32550-800-33350 |
| 4750-120-4990-130-5510-140-5930-150-6680-160-7480-170-7820 | 22500-600-24900-650-27500-700-30300-750-32550-800-34950-900-35850 |
| 4990-130-5510-140-593-0-150-6680-100-7480-170-7990 | 23100-600-24900-650-27500-700-30300-750-32550-800-34950-900-37650 |

| | |
|---|---|
| | |
| 5250-130-5510-140-5930-150-6680-160-7480-170-7990-200-8390 | 24300-600-24900-650-27500-700-30300-750-32550-800-34950-900-39450 |
| 5650-140-5930-150-6680-160-7480-170-7990-200-8790 | 25550-650-27500-700-30300-750-32550-800-34950-900-40350 |
| 5930-150-6680-160-7480-170-7990-200-9590 | 26850-650-27500-700-30300-750-32550-800-34950-900-40350 |
| 6080-150-6680-160-7480-170-7990-200-9590-240-9830 | 27500-700-30300-750-32550-800-34950-900-40350-1000-45350 |
| 6380-150-6680-160-7480-170-7990-200-9590-240-10310 | 28200-700-30300-750-32550-800-34950-900-40350-1000-45350-1100-46450 |
| 6680-160-7480-170-7990-200-9590-240-10790 | 29600-700-30300-750-32550-800-34950-900-40350-1000-45350-1100-48650 |
| 7480-170-7990-200-9590-240-10790-280-11910 | 32550-800-34950-900-40350-1000-45350-1100-53050 |
| 7990-200-9590-240-10790-280-11910-340-12930 | 34950-900-40350-1000-45350-1100-53050-1200-56650 |

| | |
|---|---|
| | |
| 8390-200-9590-240-10790-280-11910-340-13270 | 36750-900-40350-1000-45350-1100-53050-1200-59050-1350-69850 |
| **11910-340-13610-350-16650-450-19350** | **50850-1100-53050-1200-59050-1350-69850-1500-80350-1750-83850** |

| **<u>ശമ്പള സ്കെയിലുകൾ</u>** |
|---|
| **ഗ്രേഡ് .IV** |

| തസ്തിക | നിലവിലുള്ളത് | പരിഷ്കരിച്ചത് |
|---|---|---|
| മേൽശാന്തി (ഒന്നിൽ കൂടുതൽ ശാന്തിക്കാർ ഉള്ളപ്പോൾ മാത്രം) | 2500-60-3100-75-3850-90-4300 | 13800-300-14400-350-18600-500-20100-600-24900 |
| കീഴ്ശാന്തി/ശാന്തി | 2200-50-2700-60-3300-70-3650 | 12900-300-14400-350-18600-500-20100-600-23700 |
| | 2050-30-2350-40-2750-50-300 | 12900-300-14400-350-186 |

| | | |
|---|---|---|
| കഴകം/വാദ്യം | 2050-30-2350-40-2750-50-3000 | 12000-300-14400-350-18600-500-20100-600-23100 |
| വെളിച്ചപ്പാട് | 2050-30-2350-40-2750-50-3000 | 11700-300-14400-350-18600-500-20100 |
| ക്ലാർക്ക്/മാനേജർ | 2200-50-2700-60-3300-70-3650 | 12900-300-14400-350-18600-500-20100-600-23700 |
| വാച്ച്മാൻ | 2050-30-2350-40-2750-50-3000 | 11700-300-14400-350-18600-500-20100 |
| അലക്ക്/വിളക്ക് വെപ്പ് | 2050-30-2350-40-2750-50-3000 | 11700-300-14400-350-18600-500-20100 |
| അടിച്ചുതളി | 1). 750-10-760-15-850-20-970-25-1120<br>2). 1500-10-1650-15-1800-20-2000 | 8500-250-10500-300-14400-350-15800 |

| <u>**ഗ്രേഡ് .III**</u> | | |
|---|---|---|
| **തസ്തിക** | **നിലവിലുള്ളത്** | **പരിഷ്കരിച്ചത്** |
| മേൽശാന്തി | 7480-170-7990-200-9590-240-10790-280-11910 | 32550-800-34950-900-40350-1000-45350-1100-53050 |
| കീഴ്ശാന്തി/ശാന്തി | 5930-150-6680-160-7480-170-7990-200-9590 | 26850-650-27500-700-30300-750-32550-800-34950-900-40350 |
| കഴകം | 4300-100-4400-110-4510-120-4990-130-5510 | 20100-600-24900-650-27500-700-28900 |
| വെളിച്ചപ്പാട് | 2050-30-2350-40-2750-50-3000 | 12900-300-14400-350-18600-500-20100-600-23700 |
| വാദ്യം | 4300-100-4400-110-4510-120-4990-130-5510 | 20100-600-24900-650-27500-700-28900 |

| | | |
|---|---|---|
| മാനേജർ/സൂപ്പർവൈസർ | 7480-170-7990-200-9590-240-10790-280-11910 | 29600-700-30300-750-32550-800-34950-900-40350-1000-45350-1100-48650 |
| യു.ഡി.ക്ലാർക്ക്/യു.ഡി.ടൈപ്പിസ്റ്റ് | 5650-140-5930-150-6680-160-7480-170-7990-200-8790 | 25550-650-27500-700-30300-750-32550-800-34950-900-40350 |
| ക്ലാർക്ക്/ടൈപ്പിസ്റ്റ്/കലവറ ക്ലാർക്ക്/ വഴിപാട് ക്ലാർക്ക് | 4750-120-4990-130-5510-140-5930-150-6680-160-7480-700-7820 | 22500-600-24900-650-27500-700-30300-750-32550-800-34950-900-35850 |
| പ്യൂൺ/അറ്റൻഡർ/കാവൽ/മൈക്ക് ഓപ്പറേറ്റർ/വെടിവഴിപാട് | 4300-100-4400-110-4510-120-4990-130-5510 | 20100-600-24900-650-27500-700-28900 |
| അടിച്ചുതളി/അലക്ക്/മറ്റുള്ളവ | 2200-50-2700-60-3300-70-3650 | 12000-300-14400-350-18600-500-20100-600-23100 |

**ഗ്രേഡ് .II**

| തസ്തിക | നിലവിലുള്ളത് | പരിഷ്കരിച്ചത് |
|---|---|---|
| മേൽശാന്തി | 7990-200-9590-240-10790-280-11910-340-12930 | 34950-900-40350-1000-45350-1100-53050-1200-56650 |
| കീഴ്ശാന്തി/ശാന്തി | 6380-150-6680-160--7480-170-7990-200-9590-240-10310 | 28200-700-30300-750-32550-800-34950-900-40350-1000-45350-1100-46450 |
| കഴകം | 4400-110-4510-120-4990-130-5510-140-5930-150-6080 | 20700-600-24900-650-27500-700-30300-750-31800 |
| തിയ്യാട്ട്/കളംപാട്ട് | 4300-100-4400-110-4510-120-4990-130-5510 | 20100-600-24900-650-27500-700-28900 |
| വെളിച്ചപ്പാട് | 2050-30-2350-40-2750-50-3000 | 13800-300-14400-350-18600-500-20100-600-24900 |
| വാദ്യം | 4400-110-4510-120-4990-130- | 20700-600-24900-650-27500-700-30300-7 |

| | | |
|---|---|---|
| | 5510-140-5930-150-6080 | 50-31800 |
| മാനേജർ/സൂപ്പർവൈസർ | 7990-200-9590-240-10790-280-11910-340-12930 | 34950-900-40350-1000-45350-1100-53050-1200-56650 |
| ഹെഡ് ക്ലാർക്ക്/ ഹെഡ് അക്കൗണ്ടന്റ് | 7480-170-7990-200-9590-240-10790-280-11910 | 32550-800-34950-900-40350-1000-45350-1100-53050 |
| യു.ഡി.ക്ലാർക്ക്/യു.ഡി.ടൈപ്പിസ്റ്റ് | 6080-150-6680-160-7480-170-7990-200-9590-240-9830 | 27500-700-30300-750-32500-800-34950-900-40350-1000-45350 |
| ക്ലാർക്ക്/ടൈപ്പിസ്റ്റ്/കലവറ ക്ലാർക്ക്/ വഴിപാട് ക്ലാർക്ക് | 4990-130-5510-140-5930-150-6680-160-7480-170-7990 | 23100-600-24900-650-27500-700-30300-750-32550-800-34950-900-37650 |
| പ്യൂൺ/അറ്റൻഡർ/കാവൽ/മൈക്ക് ഓപ്പറേറ്റർ/വെടിവഴിപാട് | 4400-110-4510-120-4990-130-5510-140-5930-150-6080 | 20700-600-24900-650-27500-700-30300-750-31800 |
| അടിച്ചുതളി/അലക്ക്/ മറ്റുള്ളവ | 4300-100-4400-110-4510-120-4990-130-5510 | 20100-600-24900-650-27500-700-28900 |
| | | |

**ഗ്രേഡ് .I**

| തസ്തിക | നിലവിലുള്ളത് | പരിഷ്കരിച്ചത് |
|---|---|---|
| മേൽശാന്തി | 8390-200-9590-240-10790-280-11910-340-13270 | 36750-900-40350-1000-45350-1100-53050-1200-59050-1350-69850 |
| കീഴ്ശാന്തി/ശാന്തി | 6680-160-7480-170-7990-200-9590-240-10790 | 29600-700-30300-750-32550-800-34950-900-40350-1000-45350-1100-48650 |
| കഴകം | 4510-120-4990-130-5510-140-5930-150-6230 | 21900-600-24900-650-27500-700-30300-750-32550-800-33350 |
| വെളിച്ചപ്പാട്/തിയ്യാട്ട്/ കളംപാട്ട്/വാദ്യം | 4510-120-4990-130-5510-140-5930-150-6230 | 21300-600-24900-650-27500-700-30300-750-32550 |

| | | |
|---|---|---|
| മാനേജർ/സൂപ്പർവ ൈസർ | 8390-200-9590-240-10790-280-11910-340-13270 | 36750-900-40350-1000-45350-1100-53050-1200-59050-1350-69850 |
| ഹെഡ് ക്ലാർക്ക്/ ഹ െഡ് അക്കൗണ്ടന്റ് | 7990-200-9590-240-10790-280-11910-340-12930 | 34950-900-40350-1000-45350-1100-53050-1200-56650 |
| യു.ഡി.ക്ലാർക്ക്/യു.ഡ ി.ടൈപ്പിസ്റ്റ്/ ഫാർമ സിസ്റ്റ് V | 6680-160-7480-170-7990-200-9590-240-10790 | 29600-700-30300-750-32550-800-34950-900-40350-1000-45350-1100-48650 |
| ക്ലാർക്ക്/ടൈപ്പിസ്റ്റ്/ക ലവറ ക്ലാർക്ക്/ വഴിപ ാട് ക്ലാർക് | 5250-130-5510-140-5930-150-6680-160-7480-170-7990-200-8390 | 24300-600-24900-650-27500-700-30300-750-32550-800-34950-900-39450 |
| ഡ്രൈവർ/ 1-ാം ആനപാപ്പാൻ | 4750-120-4990-130-5510-140-5930-150-6680-160-7480-700-7820 | 22500-600-24900-650-27500-700-30300-750-32550-800-34950-900-35850 |
| പ്യൂൺ/അറ്റൻഡർ/ക ാവൽ/മൈക്ക് ഓപ്പ റേറ്റർ/വെടിവഴിപാട്/ 2-ാം ആനപാപ്പാ ൻ/ അടിച്ചുതളി/അല ക്ക്/മറ്റുള്ളവ | 4510-120-4990-130-5510-140-5930-150-6230 | 21300-600-24900-650-27500-700-30300-750-32550 |
| അസിസ്റ്റൻഡ് എഞ് ചിനീയർ/ മെഡിക്ക ൽ ഓഫീസർ | 11910-340-13610-350-16650-450-19350 | 50850-1100-53050-1200-59050-1350-69850-1500-803501750-83850 |

**മാസ്റ്റർ സ്കെയിൽ**

8500-250-10500-300-14400-350-18600-500-20100-600-24900-650-27500-700-30300-750-32550-800-34950-900-40350-1000-45350-1100-53050-1200-59050-1350-69850- 1500-80350-1750-83850.

2. അനോമലി - 2

**സൂപ്പർഗ്രേഡ് ക്ഷേത്രങ്ങളുടെ ശമ്പള സ്കെയിലുകൾ**

**സൂപ്പർ ഗ്രേഡ്**

സംസ്ഥാന സർക്കാർ ജീവനക്കാരുടെ 11-ാം ശമ്പള പരിഷ്കരണ ഉത്തരവായ ജി.ഒ.(പി) 27/2021/ഫിൻ തീയതി -10.02.2021 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, അനുവദിച്ചിട്ടുള്ള ശമ്പള സ്കെയിലുകൾ അനുവദിക്കുന്നു. ശമ്പള പരിഷ്കരണത്തിന് 01.07.2019 മുതൽ പ്രാബല്യം.

3. അനോമലി - 3

<u>സമയ ബന്ധിത ഹയർ ഗ്രേഡ്</u>

ഓരോ ഗ്രേഡിലുള്ള ശമ്പള സ്കെയിലുകളിൽ കാതലായ മാറ്റം വന്നിട്ടുള്ളതിനാൽ, അതിനനുസരിച്ച് സമയബന്ധിത ഹയർഗ്രേഡ് സ്കെയിലുകളിലും ഭേദഗതി വരുത്തുന്നു.

<u>**അനോമലി പരിഹരിക്കുന്നതിനുള്ള ശുപാർശ**</u>

<u>**സമയ ബന്ധിത ഹയർ ഗ്രേഡ് സ്കെയിലുകൾ**</u>

| | | I | II | III | IV |
|---|---|---|---|---|---|
| | | 8 YEARS | 16 YEARS | 23 YEARS | 32 YEARS |
| 1 | 8500-15800 | **10500-18600** | 11700-20100 | 12000-23100 | 13800-24900 |
| 2 | 11700-20100 | 12000-23100 | 12900-23700 | 13800-24900 | **15450-26200** |
| 3 | 12000-23100 | 12900-23700 | 13800-24900 | **15450-26200** | **18600-28200** |
| 4 | 12900-23700 | 13800-24900 | **15450-26200** | **18600-28200** | 20100-28900 |
| 5 | 13800-24900 | **15450-26200** | **18600-28200** | 20100-28900 | 21300-33350 |
| 6 | 20100-28900 | 20700-31800 | 21300-33350 | 21900-33350 | 22500-35850 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 7 | 20700-28900 | 21300-33350 | 21900-33350 | 22500-35850 | Nil |
| 8 | 21300-33350 | 21900-33350 | 22500-35850 | 23100-37650 | Nil |
| 9 | 21900-35850 | 22500-35850 | 23100-37650 | 24300-39450 | Nil |
| 10 | 22500-35850 | 23100-37650 | 24300-39450 | 25550-40350 | |
| 11 | 23100-37650 | 24300-39450 | 25550-40350 | 27500-45350 | Nil |
| 12 | 24300-39450 | 25550-40350 | 26850-44350 | 28200-46450 | Nil |
| 13 | 25550-40350 | 26850-44350 | 27500-45350 | 29600-48650 | Nil |
| 14 | 26850-44350 | 27500-45350 | 28200-46450 | Nil | Nil |
| 15 | 27500-45350 | 28200-46450 | 29600-48650 | Nil | Nil |
| 16 | 28200-46450 | 29600-48650 | 32550-53050 | Nil | Nil |
| 17 | 29600-48650 | 32550-53050 | 34950-56650 | Nil | Nil |
| 18 | 32550-53050 | 34950-56650 | 36750-69850 | Nil | Nil |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 19 | 34950-56650 | 36750-69850 | Nil | Nil | Nil |
| 20 | 36750-69850 | Nil | Nil | Nil | Nil |
| 21 | 50850-83850 | Nil | Nil | Nil | Nil |

4. അനോമലി-4

<u>**ഫിക്സേഷൻ റൂൾ**</u>

**പുതിയ ശമ്പളസ്കെയിലിൽ ശമ്പളം നിർണ്ണയിക്കുന്നത് താഴെ ചേർത്ത വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ആയിരിക്കേണ്ടതാണ്.**

എല്ലാവരുടെയും ശമ്പളം 01.01.2019 തീയതിക്ക് തന്നെ നിർണ്ണയിക്കേണ്ടതാണ്.

1) 01.01.2019-ലെ അടിസ്ഥാന ശമ്പളം

(01.01.2019ൽ വരുന്ന ഇൻക്രിമെന്റും ചേർക്കേണ്ടതാണ്. സ്ഥാനക്കയറ്റം മൂലം 01.01.2019-ൽ വരുന്ന ഇൻക്രിമെന്റ് കണക്കിലെടുക്കേണ്ടതില്ല. 01.01.2019-ൽ സ്ഥാനക്കയറ്റം ലഭിച്ചാൽ പുതിയ സ്കെയിലിൽ ശമ്പളം നിർണ്ണയിക്കുക).

2) 01.01.2019-ലെ അടിസ്ഥാന ശമ്പളത്തോടൊപ്പം 286% ക്ഷാമബത്ത (അഥവാ പ്രീറിവൈസ്ഡ് സ്കെയിലിൽ 01.01.2019-ലെ ക്ഷാമബത്ത) ചേർക്കുക.

3) ഫിറ്റ്മെന്റ് ബെനിഫിറ്റ് ആയി 3500/- ചേർക്കുക.

4) സേവനത്തിൽ പൂർത്തിയാക്കിയ ഓരോ പൂർണ്ണ വർഷത്തെ സേവനത്തിന് 0.5% നിരക്കിൽ പരമാവധി 15% സർവ്വീസ് വെയിറ്റേജ് ചേർക്കുക.

5) മേൽപ്പറഞ്ഞ 4 - സംഖ്യകളും ചേർത്ത് ലഭിക്കുന്ന തുകയുടെ (1+2+3+4) അടുത്ത സ്റ്റേജിൽ ശമ്പളം നിജപ്പെടുത്തുക

6) 01.01.2019-നോ അതിനുശേഷമോ നടത്തിയിട്ടുള്ള നിയമനങ്ങൾക്കും സ്ഥാനക്കയറ്റങ്ങൾക്കും ശമ്പളഫിക്സേഷൻ ബാധകമായിരിക്കില്ല. 01.01.2019നോ അതിനു ശേഷമോ നിയമിക്കപ്പെട്ടവർക്ക് അവരുടെ ശമ്പളസ്കെയിലിന്റെ മിനിമത്തിൽ ശമ്പളം നിജപ്പെടുത്തണം

<u>സ്ഥാനക്കയറ്റം/ഗ്രേഡ് പ്രൊമോഷൻ</u>

1) 01.01.2019 ന് ശേഷം അനുവദിക്കുന്ന സ്ഥാനക്കയറ്റം/സമയബന്ധിത ഹയർഗ്രേഡ് എന്നിവയ്ക്ക് താഴ്ന്ന സ്കെയിലിൽ ഒരു ഇൻക്രിമെന്റ് നൽകി ഉയർന്ന സ്കെയിലിൽ അടുത്ത സ്റ്റേജിൽ ശമ്പളം നിജപ്പെടുത്തേണ്ടതാണ്.

2) ഇത്തരത്തിൽ സ്ഥാനക്കയറ്റം/സമയബന്ധിത ഹയർഗ്രേഡ് എന്നിവ നൽകുമ്പോൾ ഉയർന്ന സ്കെയിലിലെ മിനിമമോ അതിലധികമോ അടിസ്ഥാന ശമ്പളം വരുന്ന പക്ഷം താഴ്ന്ന സ്കെയിലിലെ ഇൻക്രിമെന്റ് തീയതിക്ക് അടുത്ത വാർഷിക ഇൻക്രിമെന്റ് നൽകേണ്ടതാണ്.

3) സ്ഥാനക്കയറ്റം/സമയബന്ധിത ഹയർഗ്രേഡ് എന്നിവ അനുവദിക്കുമ്പോൾ നിർണ്ണയിക്കുന്ന ശമ്പളം ഉയർന്ന സ്കെയിലിന്റെ മിനിമത്തേക്കാൾ കുറവാണെങ്കിൽ (അതായത് ഫിക്സേഷനിൽ രണ്ട് ഇൻക്രിമെന്റിൽ കൂടുതൽ ആനുകൂല്യം ലഭിക്കുകയാണെങ്കിൽ) സ്ഥാനക്കയറ്റം/സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ച തീയതി മുതൽ ഒരു വർഷം പൂർത്തീകരിക്കുമ്പോൾ മാത്രമേ അടുത്ത ഇൻക്രിമെന്റ് അനുവദിക്കുകയുള്ളൂ.

5. അനോമലി-5

<u>ക്ഷാമബത്ത</u>

1) ഗ്രേഡ് I, II, III IV ബാധകം

01.01.2019-ന് അർഹതപ്പെട്ട മുഴുവൻ ക്ഷാമബത്തയും അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിച്ചാണ് പരിഷ്കരിച്ച ശമ്പള സ്കെയിലിൽ അടിസ്ഥാന ശമ്പളം നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്. ഇപ്രകാരം All India Consumer Price Index -ൽ 294.8 പോയിന്റുകൾ ന്യൂട്രലൈസ് ചെയ്യപ്പെട്ടതായി കണക്കാക്കി 294.8 points of AICPI എന്നത് 01.01.2019 മുതൽ ക്ഷാമബത്ത കണക്കാക്കുന്നതിനുള്ള അടിസ്ഥാനസൂചിക ആയി നിർണ്ണയിക്കുന്നു. തുടർന്നുള്ള ക്ഷാമബത്ത കണക്കാക്കുന്നതിനുള്ള ഫോർമുല താഴെകാണും പ്രകാരമായിരിക്കും.

$$\% \text{ of DA} = \frac{(\text{Average AICPI for past 12 months} - 294.8) * 100}{294.8}$$

ഇപ്രകാരം 01.01.2019 മുതലുള്ള ക്ഷാമബത്ത താഴെപറയും പ്രകാരമായിരിക്കും

| തീയതി | ക്ഷാമബത്ത നിരക്ക് (%) | ആകെ ക്ഷാമബത്ത (%) |
|---|---|---|
| 01.01.2019 | 0 | 0 |
| | | |

| | | |
|---|---|---|
| 01.07.2019 | 4 | 4 |
| 01.01.2020 | 4 | 8 |
| 01.07.2020 | 3 | 11 |

2) സൂപ്പർ ഗ്രേഡ് ബാധകം

01.07.2019-ന് അർഹതപ്പെട്ട മുഴുവൻ ക്ഷാമബത്തയും അടിസ്ഥാനശമ്പളത്തിൽ ലയിപ്പിച്ചാണ് പരിഷ്കരിച്ച ശമ്പള സ്കെയിലിൽ അടിസ്ഥാന ശമ്പളം നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്. ഇപ്രകാരം All India Consumer Price Index -ൽ 306.1 പോയിന്റുകൾ ന്യൂട്രലൈസ് ചെയ്യപ്പെട്ടതായി കണക്കാക്കി 306.1 Points of AICPI എന്നത് 01.07.2019 മുതൽ ക്ഷാമബത്ത കണക്കാക്കുന്നതിനുള്ള അടിസ്ഥാനസൂചിക ആയി നിർണ്ണയിക്കുന്നു. തുടർന്നുള്ള ക്ഷാമബത്ത കണക്കാക്കുന്നതിനുള്ള ഫോർമുല താഴെകാണും പ്രകാരമായിരിക്കും.

% of DA =

$$\% \text{ of DA} = \frac{(\text{Average AICPI for past 12 months} - 306.1) * 100}{306.1}$$

ഇപ്രകാരം 01.01.2019 മുതലുള്ള ക്ഷാമബത്ത താഴെപറയും പ്രകാരമായിരിക്കും

| തീയതി | ക്ഷാമബത്ത നിരക്ക് (%) | ആകെ ക്ഷാമബത്ത (%) |
|---|---|---|
| 01.07.2019 | 0 | 0 |
| 01.01.2020 | 4 | 4 |
| 01.07.2020 | 3 | 7 |